"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പുതുതായി രൂപീകരിച്ച നഗരസഭകളുടെ അക്കൗണ്ടിംഗ് നവീകരണം - കരാർ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകുന്നതിന് നഗര കാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.381/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/02/2021

---

പരാമർശം:- (1) സ.ഉ.(പി.)നം.28/2016/ധന. തീയതി 26.02.2016

(2) സ.ഉ.(പി.)നം.56/2017/ധന. തീയതി 28.04.2017

(3) സ.ഉ.(പി.)നം.112/2018/ധന. തീയതി 21.07.2018

(4) സ.ഉ.(പി.) 81/2019/ധന. തീയതി 09.07.2019

(5) സ.ഉ.(സാധാ)നം.2025/2019/തസ്വഭവ തീയതി 20.09.2019.

(6) നഗരകാര്യ ഡയറക്ടറുടെ 18.08.2020, 27.01.2021 തീയതികളിലെ ഡിസി2-20923/2019 നമ്പർ കത്തുകൾ

ഉത്തരവ്

പുതുതായി രൂപീകരിച്ച നഗരസഭകളിലേയ്ക്ക് അക്കൗണ്ട്സ് ഓഫീസർ, ഐ.ടി. ഓഫീസർ, അക്കൗണ്ട്സ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ആറ് മാസത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പരാമർശം (5)-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

(2) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് പരീക്ഷ നടത്തി യോഗ്യരായ 6 അക്കൗണ്ട്സ് ഓഫീസർ, 2 ഐ.ടി. ഓഫീസർ, 29 അക്കൗണ്ട്സ് അസിസ്റ്റന്റ് എന്നിവരെ നിയമിച്ചിരുന്നു. ടി തസ്തികകളിലെ ജീവനക്കാരുടെ സേവനം 2020 ജൂലൈ / ആഗസ്റ്റ് മാസങ്ങളിൽ പൂർത്തിയാക്കി റിലീവ് ചെയ്തിട്ടുള്ളതായും, നഗരസഭകളിൽ ടി തസ്തികകളിൽ ആരും തന്നെ നിലവിൽ ജോലി ചെയ്യുന്നില്ലെന്നും തുടർന്നും പ്രസ്തുത ജീവനക്കാരുടെ സേവനം ലഭ്യമാക്കണമെന്ന് നഗരസഭാ സെക്രട്ടറിമാർ അപേക്ഷിച്ചിരിക്കുന്നതായും ടി ജീവനക്കാരുടെ വേതനം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്നുള്ള വ്യവസ്ഥക്ക് വിധേയമായി സേവനകാലാവധി കരാറടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (6) പ്രകാരം അപേക്ഷിച്ചിരുന്നു

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുതായി രൂപീകരിച്ച നഗരസഭകളിൽ അക്കൗണ്ട്സ് ഓഫീസർ, ഐ.ടി. ഓഫീസർ, അക്കൗണ്ട്സ് അസിസ്റ്റന്റ് എന്നീ

തസ്തികകളിലെ കരാർ ജീവനക്കാരുടെ വേതനം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്നുള്ള വ്യവസ്ഥയിൽ ടി തസ്തികകളിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെ പരാമർശം (1) മുതൽ (4) വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം യാതൊരു കാരണവശാലും ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലം വാങ്ങേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായും സർക്കാരിനു അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്നത് ഉറപ്പ് വരുത്തിയും തുടർന്ന് യാതൊരുകാരണവശാലും കരാർ ദീർഘിപ്പിച്ച് നൽകില്ല എന്ന വ്യവസ്ഥയിൽ ആറ് മാസത്തേക്ക് കൂടി, നഗരസഭകളുടെ ആവശ്യകത കൂടി കണക്കിലെടുത്ത് നിയമനം നൽകുന്നതിന് അനുമതി നൽകുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ജി.എസ്.എസ്.എ., കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (DEV-1/205/2020-FIN തീയതി 18.11.2020)
തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.